# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2563 — 06.02.2018 ലെ മറുപടിയ്ക്ക്.

**കൊടക്കാട് മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പ്ലസ് ടു കോഴ്സ്**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എം. രാജഗോപാലൻ** | **ശ്രീ. എ. കെ. ബാലൻ**<br>പട്ടികജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി |

| | | | |
|---|---|---|---|
| (എ) | തൃക്കരിപ്പൂർ മണ്ഡലത്തിലെ കൊടക്കാട് മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പ്ലസ്ടു കോഴ്സ് ഇല്ലാത്തതിനാൽ ഇവിടത്തെ വിദ്യാർത്ഥികൾ ഏറെ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ)<br>&<br>(ബി) | സ്കൂൾ ഹോസ്റ്റലിൽ മതിയായ സൗകര്യം ഇല്ലാത്തതാണ് പ്ലസ്ടു കോഴ്സ് അനുവദിക്കാത്തതിനു കാരണം. ഇവിടെ നിന്ന് എസ്.എസ്.എൽ.സി. പാസ്സാകുന്ന കുട്ടികൾക്ക് മറ്റ് എം.ആർ. എസുകളിൽ മുൻഗണന നല്കി വരുന്നുണ്ട്. ഈ സ്കൂളിന് 5 കോടി രൂപ ചെലവിൽ പുതിയ ഹോസ്റ്റൽ KIIFB-യിൽ പണിയുവാൻ തീരുമാനിച്ചിട്ടുണ്ട്. ഹോസ്റ്റൽ പണി പൂർത്തിയായാൽ പ്ലസ്ടു ആരംഭിക്കുന്നകാര്യം പരിഗണിക്കുന്നതാണ്. |
| (ബി) | സംസ്ഥാനത്തെ ഒട്ടുമിക്ക എം.ആർ. എസ്.ലും പ്ലസ്ടു കോഴ്സ് ഉണ്ടായിരിക്കെ എസ്.എസ്.എൽ.സി. ആദ്യ ബാച്ച് പുറത്തിറങ്ങി വർഷങ്ങൾ കഴിഞ്ഞിട്ടും പ്രസ്തുത സ്കൂളിൽ പ്ലസ്ടു കോഴ്സ് അനുവദിക്കാത്തത് എന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ.**